# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 479 - 02.12.2014 ലെ മറുപടിക്ക്
## കെ.എസ്.ആർ.ടി.സി.ക്കുള്ള സാമ്പത്തിക പാക്കേജ്

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ** | **ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| എ. | കെ.എസ്.ആർ.ടി.സി സമർപ്പിച്ച സാമ്പത്തിക പാക്കേജിന്റെ ഭാഗമായി പണം അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് മുന്നോട്ടുവെച്ച വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; | കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജാണ് സമർപ്പിച്ചിട്ടുള്ളത്, സാമ്പത്തിക പാക്കേജ് സമർപ്പിച്ചിട്ടില്ല. 07.08.2014 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് തീരുമാനിച്ചു<br><br>1. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായി ആവശ്യമായ 480 കോടി രൂപയിൽ 240 കോടി രൂപ പ്രത്യേക സെസ്, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശ പ്രകാരം കെട്ടിവയ്ക്കുന്ന 10% തുക എന്നിവയിൽ നിന്ന് കണ്ടെത്തണം. (പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിലേയ്ക്ക് വേണ്ടി വരുന്ന 480 കോടി രൂപയുടെ ആവർത്തന ചെലവിന്റെ 50% ത്തിൽ നിന്നും സെസ് വഴി ഈടാക്കുന്ന തുക കുറച്ചതിന് ശേഷം വരുന്ന തുകയോ, 150 കോടി രൂപയോ ഏതാണോ കുറവ് അതു 2015-16 സാമ്പത്തിക വർഷം മുതൽ 12 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സിക്ക് നൽകാമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു)<br><br>2. കെ.എസ്.ആർ.ടി.സിയുടെ ആസ്തി പുനർ മൂല്യ നിർണ്ണയം 20.08.2014 നകം പൂർത്തിയാക്കണം.<br><br>3. കെ.എസ്.ആർ.ടി.സി യിൽ നിലവിലുള്ള കടം കുറഞ്ഞ പലിശ നിരക്കിൽ കൂടിയ കാലാവധിയിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളെ കൊണ്ട് കോർപ്പറേഷന് ഗുണകരമായ രീതിയിൽ ഏറ്റെടുപ്പിക്കുന്ന നടപടി എത്രയും വേഗം നടപ്പിലാക്കണം. |

| | | |
|---|---|---|
| | | 4. കെ.എസ്.ആർ.ടി.സി ക്ക് കാലകാലങ്ങളായി നൽകിയ കടം പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് മൂലധനമായി മാറ്റുന്നതാണ്.<br><br>5. കെ.എസ്.ആർ.ടി.സി യിൽ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു<br><br>6. നഷ്ടത്തിലുള്ള 2000 ഷെഡ്യൂളുകൾ ലാഭകരമായ റൂട്ടിലേക്ക് ഡിസംബർ 2014 നകം പുന ക്രമീകരിക്കണം.<br><br>7. G.P.S, G.P.R.S സംവിധാനം ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ എത്രയും വേഗം നടപ്പാക്കുക.<br><br>8. സൗജന്യ പാസുകളും, പെൻഷൻ പാസുകളും നിയന്ത്രിക്കുന്നതു സംബന്ധിച്ച് ആറുമാസത്തിനുള്ളിൽ തീരുമാനമെടുക്കുക.<br><br>9. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതടക്കമുള്ള ചെലവ് ചുരുക്കൽ നടപടികൾ നടപ്പിലാക്കുക.<br><br>10. വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ആറുമാസത്തിനുള്ളിൽ സ്റ്റാഫ് ബസ് റേഷ്യോ കുറച്ച് 5.5 ൽ എത്തിക്കുക.<br><br>11. വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുക.<br><br>12. അധിക വരുമാനം ലഭ്യമാക്കുന്നതിന് കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ് തുടങ്ങിയവ ആരംഭിക്കണം.<br><br>13. കെ.എസ്.ആർ.ടി.സി യുടെ പക്കലുള്ള അധികഭൂമി വരുമാനം ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കാൻ എത്രയും വേഗം പദ്ധതി തയ്യാറാക്കുക .<br><br>14. മേൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിനൊപ്പം കെ.എസ്.ആർ.ടി.സി.യുടെ മൂലധന ചെലവിലേക്ക് 200 കോടി രൂപ സർക്കാർ നൽകുന്നതാണ്. |
| ബി. | മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കുവന്ന ബന്ധപ്പെട്ട ഫയലിൽ ധനകാര്യ വകുപ്പ് | പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിലേയ്ക്ക് വേണ്ടി വരുന്ന 480 കോടി രൂപയുടെ ആവർത്തന ചെലവിന്റെ 50% ത്തിൽ നിന്നും സെസ് വഴി ഈടാക്കുന്ന തുക കുറച്ചതിന് ശേഷം വരുന്ന |

| | | |
|---|---|---|
| | ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നു; മന്ത്രിസഭാ ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്തായിരുന്നു ; | തുകയോ, 150 കോടി രൂപയോ ഏതാണോ കുറവ് അതു 2015-16 സാമ്പത്തിക വർഷം മുതൽ 12 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സിക്ക് നൽകാമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു.<br><br>പുനരുദ്ധാരണ പാക്കേജ് മെയ് 2014 ന് തീർപ്പാക്കി ഉടമ്പടി ചെയ്യേണ്ടതാണെന്നും, പെൻഷൻ തുടങ്ങിയ നിലവിലുള്ള ബാദ്ധ്യതകൾ കൊടുത്തു തീർക്കുവാൻ 2014 ഫെബ്രുവരി മുതൽ 2014 മെയ് വരെ പ്രതിമാസം ഇരുപത്തിയഞ്ച് കോടി രൂപ വീതം കെ.എസ്.ആർ.ടി.സി ക്ക് റിലീസ് ചെയ്യുവാനും ഇതിൽ 2014 ഫെബ്രുവരിയിലെയും, മാർച്ചിലെയും തുക (അൻപത് കോടി രൂപ) ഉടൻ റിലീസ് ചെയ്തു നൽകുവാനും 26.02.2014 ലെ മന്ത്രി സഭായോഗത്തിൽ തീരുമാനിച്ചിരുന്നു. ഇപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതി-പദ്ധതിയേതര വിഹിതമായി 484 കോടി രൂപ നൽകിയിട്ടുണ്ട്. |
| സി. | കെ.എസ്.ആർ.ടി.സി ക്ക് പണം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | 21.08.2014 ലെ മന്ത്രി സഭായോഗത്തിൽ 7055-00-190-99-Loans to KSRTC(Non-Plan) ശീർഷകത്തിൽ ഉണ്ടായിരുന്ന 45 കോടി മിച്ചതുകയും ബാക്കി ഗതാഗത വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ലഭ്യമായ തുകയിൽ നിന്നും റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതും ഉൾപ്പെടെ ആകെ 200 കോടി രൂപ മൂലധനച്ചെലവായി കെ.എസ്.ആർ.ടി.സി ക്ക് അനുവദിക്കുവാൻ തീരുമാനിച്ചു.<br><br>മേൽ പറഞ്ഞ 45 കോടി രൂപ ഉൾപ്പടെ ഈ സാമ്പത്തിക വർഷം ഇതു വരെ 209.85 കോടി രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി. | ഈ സാമ്പത്തിക വർഷം മൊത്തം എന്തു തുക കെ.എസ്.ആർ.ടി.സി.ക്ക് നൽകാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ? | |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ